പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2960 **29-10-2026-ൽ മറുപടിയ്ക്ക്**

പുതുതായി അഞ്ച് ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. ടി. ബൽറാം

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

ശ്രീ. മുഹമ്മദ് ഷിയാസ്

ശ്രീ. ദീപക് ജോയ്

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളുടെ എണ്ണം, അവ സ്ഥിതിചെയ്യുന്ന ജില്ലകൾ, അവിടെ നടപ്പാക്കിവരുന്ന പരിശീലന പരിപാടികൾ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

മറുപടി: സംസ്ഥാനത്തൊട്ടാകെ നിലവിൽ 14 ജില്ലകളിലുമായി 24 യുജന പരിശീലനകേന്ദ്രങ്ങളും 19 ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. (ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.) പ്രസ്തുത പരിശീലനകേന്ദ്രങ്ങളിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവതീ-യുവാക്കൾക്ക് പി.എസ്.സി./ യു.പി.എസ്.സി. പരീക്ഷകൾക്ക് റെഗുലർ / ഹോളിഡെ ബാച്ചുകളിലായി പരിശീലനം നൽകി വരുന്നുണ്ട്.

അനുബന്ധം

ന്യൂനപക്ഷ യുവജനതയ്ക്കായുള്ള പരിശീലനകേന്ദ്രങ്ങൾ

ക്രമനം	ജില്ല	വിലാസം
1	തിരുവനന്തപുരം	1. കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത് മേലേ തമ്പാനൂർ
2	കൊല്ലം	2. കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, ഇടക്കുളങ്കര, കരുനാഗപ്പള്ളി, കൊല്ലം
		3. കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, കണ്ണനല്ലൂർ, കൊല്ലം
3	പത്തനംതിട്ട	4. കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, പേട്ട, പത്തനംതിട്ട.
4	ആലപ്പുഴ	5. കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, ജനറൽ ഹോസ്പിറ്റൽ ജംഗ്ഷൻ, ആലപ്പുഴ
		6. കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, ഇലിപ്പിക്കുളം കായംകുളം

5	കോട്ടയം	7. കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, കാഞ്ഞിരപ്പള്ളി, കോട്ടയം
6	ഇടുക്കി	8. കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, തൊടുപുഴ ഈസ്റ്റ്, ഇടുക്കി
7	എറണാകുളം	9. കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, ആലുവ, എറണാകുളം
		10. കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, മട്ടാഞ്ചേരി, എറണാകുളം
8	തൃശ്ശൂർ	11. കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, കൊടുങ്ങല്ലൂർ. തൃശ്ശൂർ
9	പാലക്കാട്	12. കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, പള്ളിപ്പുറം, പാലക്കാട്
		13. കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, മേലേപട്ടാമ്പി, പാലക്കാട്
10	മലപ്പുറം	14. കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, വേങ്ങര, മലപ്പുറം
		15. കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, ഈശ്വരമംഗലം പൊന്നാനി, മലപ്പുറം
		16. കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, തറയിൽ ബസ് സ്റ്റാന്റ്, പെരിന്തൽമണ്ണ , മലപ്പുറം
		17. കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, ആലത്തിയൂർ., മലപ്പുറം
		18. കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, കാവുംപുറം, വളാഞ്ചേരി, മലപ്പുറം
11	കോഴിക്കോട്	19. കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, പുതിയറ, കോഴിക്കോട്
		20. കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, പേരാമ്പ്ര, കോഴിക്കോട്
12	വയനാട്	21. കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, കൽപ്പറ്റ, വയനാട്
13	കണ്ണൂർ	22. കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, പയ്യന്നൂർ, കണ്ണൂർ
		23. കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്,

		ചൊക്ലി തലശ്ശേരി, കണ്ണൂർ
14	കാസർഗോഡ്	24. കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, ചെർക്കള, കാസറഗോഡ്.
പുതുതായി ആരംഭിച്ച പരിശീലനകേന്ദ്രങ്ങൾ		
1	തിരുവനന്തപുരം	25. കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, ഇടവ, വർക്കല
2	കോട്ടയം	26. കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, ചങ്ങനാശ്ശേരി
3	തൃശ്ശൂർ	27. കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, ഗുരുവായൂർ
4	മലപ്പുറം	28. കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, താനൂർ
5	വയനാട്	29. കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, വെള്ളമുണ്ട

<u>ന്യൂനപക്ഷയുവജനങ്ങൾക്കായുള്ള ഉപകേന്ദ്രങ്ങൾ</u>

ക്രമ നം	**ജില്ല**	**വിലാസം**
1	തിരുവനന്തപുരം	1). കടുവയിൽ തങ്ങൾ ചാരിറ്റബിൾ ട്രസ്റ്റ്, കടുവാപ്പള്ളി, തോട്ടക്കാട് പി.ഒ, തിരുവനന്തപുരം.
2	കൊല്ലം	2). കെ.എം.ജെ എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റ്, കുളത്തുപ്പുഴ
		3). കൊല്ലൂർവിള മുസ്ലീം ജമാഅത്ത് കമ്മിറ്റി, കൊല്ലം
3.	കാഞ്ഞിരപ്പള്ളി	4). ഇത്തിഹാദു സുബ്ഹാനൽ, മുജാഹിദീൻ, ഈരാറ്റുപേട്ട, മാർക്കറ്റ് റോഡ്, മസ്ജിദ് സലാമിനു സമീപം, ഇരാട്ടുപേട്ട
		5)എസ്.ബി ഹയർ സെക്കന്ററി സ്കൂൾ,ചങ്ങനാശ്ശേരി
4.	ഇടുക്കി	6). മുസ്ലീം യൂത്ത് മൂവ്മെൻറ് ചാരിറ്റബിൾ ട്രസ്റ്റ്, അടിമാലി, ഇടുക്കി.
		7). സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂൾ, മേരികുളം, കട്ടപ്പന
5.	എറണാകുളം	8). ഇസ്ലാമിക് വെൽഫെയർ ഫോറം, എടവനക്കാട് പി.ഒ, എറണാകുളം
		9). നാഷണൽ സ്കൂൾ, ഇഖ്ബാൽ സ്കൂയർ, മേപ്രത്ത്പടി, വെങ്ങോല, പെരുമ്പാവൂർ, എറണാകുളം -
6.	തൃശ്ശൂർ	10). തണൽ ചാരിറ്റബിൾ ട്രസ്റ്റ്, കേച്ചേരി, തൃശ്ശൂർ
		11). എക്സൽ അക്കാദമി, ബിഷപ്പ് ഹൗസ്,

		ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ
7.	പാലക്കാട്	12). മണ്ണാർക്കാട് മുസ്ലീം ഓർഫനേജ് കമ്മിറ്റി, നാഗത്ത് നഗർ, നെല്ലിപ്പുഴ, മണ്ണാർക്കാട്, പാലക്കാട്
8.	മലപ്പുറം (വേങ്ങര)	13) പാണക്കാട് സയ്യിദ് മുഹമ്മദ് അലി ഷിഹാബ് തങ്ങൾ സ്മാരക നഗരസഭ ലൈബ്രറി, മലപ്പുറം.
		14). മഅദിൻ അക്കാദമി, സ്വലാ ത്ത് നഗർ, മേൽമുറി പി.ഒ, മലപ്പുറം
	മലപ്പുറം (പെരിന്തൽമണ്ണ)	15). അമൽ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, നിലമ്പൂർ
		16). ജാമിയ നദവിയ എടവണ്ണ, സാലാ നഗർ, എടവണ്ണ, മലപ്പുറം.
		17). എച്ച്.എം. അക്കാദമി, മഞ്ചേരി, മലപ്പുറം
9.	കോഴിക്കോട്	18). മുബാറക്ക് അറബിക് കോളേജ്, പൂണൂർ, ഉണ്ണിക്കുളം പി ഒ, കോഴിക്കോട്
		19). ട്രാക്ക് ഓർഫനേജ്, നെല്ലിക്കാ പറമ്പ്. പി.ഒ., മുക്കം, കോഴിക്കോട്

(ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പുതുതായി അഞ്ച് ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി പരിഗണിച്ചിട്ടുള്ള ജില്ലകളും സ്ഥലങ്ങളും ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

<u>മറുപടി:</u> സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ഇടവ (തിരുവനന്തപുരം), ചങ്ങനാശ്ശേരി (കോട്ടയം), ഗുരുവായൂർ (തൃശ്ശൂർ), താനൂർ (മലപ്പുറം), വെള്ളമുണ്ട (വയനാട്), എന്നീ സ്ഥലങ്ങളിലായി പുതുതായി 5 പരിശീലനകേന്ദ്രങ്ങളുടെ ഉദ്ഘാടനം സമയബന്ധിതമായി നിർവ്വഹിച്ചിട്ടുണ്ട്. പ്രസ്തുത കേന്ദ്രങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ജീവനക്കാരുടെ വിന്യാസം, പരിശീലന സംവിധാനങ്ങൾ, പ്രതീക്ഷിക്കുന്ന സാമ്പത്തിക ബാധ്യത എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

<u>മറുപടി:</u> പ്രസ്തുത പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി ഫർണിച്ചർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പ്രസ്തുത പരിശീലന കേന്ദ്രങ്ങളിൽ പ്രിൻസിപ്പലിനെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനും, പരിശീലനത്തിനായി ഫാക്കൽറ്റികളെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 5 പരിശീലനകേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ, പരിശീലനകേന്ദ്രങ്ങളുടെ വാർഷിക പ്രവർത്തനചെലവ്, ജീവനക്കാരുടെ വാർഷിക വേതനം, കെട്ടിട വാടക എന്നിവക്കായി ആകെ 1,33,11,200/- രൂപ (ഒരു കോടി മുപ്പത്തിമൂന്ന് ലക്ഷത്തി പതിനൊന്നായിരത്തി ഇരുന്നൂറ് രൂപ മാത്രം) ചെലവ് പ്രതീക്ഷിക്കുന്നു.

(ഡി) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിൽപരിശീലനം, മത്സരപരീക്ഷാ പരിശീലനം, നൈപുണ്യ വികസനം എന്നിവയിൽ കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുന്നതിന് പ്രസ്തുത കേന്ദ്രങ്ങൾ എങ്ങനെ

സഹായകരമാകുമെന്ന് വ്യക്തമാക്കുമോ;

മറുപടി: ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിൽപരിശീലനം, മത്സരപരീക്ഷാ പരിശീലനം, നൈപുണ്യ വികസനത്തിനായി ടി കേന്ദ്രങ്ങൾ മുഖേന നൽകുന്ന പരിശീലനങ്ങൾ ചുവടെച്ചേർക്കുന്നു.

- പി.എസ്.സി/ എസ്.എസ്.സി./ തുടങ്ങിയ മത്സര പരീക്ഷകൾക്ക് വിദഗ്ധരുടെ നേതൃത്വത്തിൽ പരിശീലനം നൽകുന്നതിനും മാതൃകാ പരീക്ഷകൾ, അഭിമുഖ പരിശീലനം, കരിയർ ഗൈഡൻസ് എന്നിവ ലഭ്യമാക്കുന്നതിനും പ്രസ്തുത പരിശീലനകേന്ദ്രങ്ങൾ സഹായകരാകുന്നു. ആയതിലൂടെ വിവിധ സർക്കാർ വകുപ്പുകളിൽ ജോലി കരസ്ഥമാക്കുന്നതിന് സാധ്യമാകുന്നു.
- ആശയവിനിമയശേഷി, ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം, കമ്പ്യൂട്ടർ പരിജ്ഞാനം, നേതൃപാടവം, വ്യക്തിത്വവികസനം തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകുന്നതിലൂടെ യുവജനങ്ങളുടെ തൊഴിൽക്ഷമത, ജീവിത സാഹചര്യങ്ങൾ എന്നിവ വർദ്ധിപ്പിക്കാം.
- തൊഴിൽ സാധ്യതകളെക്കുറിച്ചുള്ള ബോധവൽക്കരണം, വിവിധ സ്ഥാപനങ്ങളുമായുള്ള , സഹകരണം, തൊഴിൽ അഭിമുഖ പരിശലനം, തൊഴിൽ ലഭിക്കുന്നതിനുള്ള സഹായം എന്നിവയിലൂടെ പരിശീലനത്തെ യഥാർത്ഥതൊഴിൽ അവസരങ്ങളുമായി ബന്ധിപ്പിക്കാം, ആയതിലൂടെ ഏറ്റവും മികച്ച തൊഴിൽ കണ്ടെത്താൻ സഹായകമാവുന്നു.
- സൗജന്യമായി പരിശീലനം നൽകുന്നതിലൂടെ സാമ്പത്തിക പരിമിതികൾ കാരണം മികച്ച പരിശീലന പരിപാടികളിൽ പങ്കെടുക്കാൻ കഴിയാത്ത യുവജനങ്ങൾക്കും അവസരങ്ങൾ ലഭ്യമാക്കാം.

(ഇ) പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന അഞ്ച് ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനം എപ്പോൾ മുതലാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മറുപടി: പുതുതായി ആരംഭിച്ച അഞ്ച് ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനം 2026 നവംബർ മാസത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ